പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3684

20.06.2018 ൽ മറുപടിയ്ക്ക്

സപ്ലൈകോയ്ക്ക് കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ ലഭ്യമാകുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഏറ്റവും വലിയ വിപണന ശൃംഖലയായ സപ്ലൈകോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ കഴിഞ്ഞ വർഷത്തെ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുവിപണിയിലേതിനേക്കാൾ ശരാശരി 20 മുതൽ 60 ശതമാനം വരെ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുന്നത് മൂലം നഷ്ടത്തിലാണ് സപ്ലൈകോ പ്രവർത്തിക്കുന്നത് 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് പൂർത്തിയായിട്ടില്ലാത്തതിനാൽ പ്രസ്തുത സാമ്പത്തിക വർഷത്തെ നഷ്ടം എത്രയെന്ന് കണ്ടെത്തിയിട്ടില്ല. |
| (ബി) | മറ്റ് വിപണന ശൃഖലകൾക്ക് ലഭിക്കുന്നതിനേക്കാൾ കൂടിയ വിലയ്ക്കാണ് ഓരോ ഉത്പന്നവും സപ്ലൈകോ വാങ്ങുന്നതെന്ന് ഭക്ഷ്യ വകുപ്പ് കണ്ടെത്തുകയുണ്ടായോ; | (ബി) | ചില ഉൽപ്പന്നങ്ങൾ മറ്റ് ചില വിപണന ശൃഖലകൾക്ക് ലഭിക്കുന്നതിനേക്കാൾ കൂടിയ വിലയ്ക്കാണ് സപ്ലൈകോ വാങ്ങുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | കേരളത്തിൽ ഏറ്റവും കൂടുതൽ വിപണന ശൃഖലയുള്ള സപ്ലൈകോയ്ക്ക് മറ്റ് വിപണന ശൃഖലകൾക്ക് നൽകുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയ്ക്ക് ഉൽപ്പന്നങ്ങൾ നൽകുന്ന വിതരണക്കാർ/ ഉൽപ്പാദകരുമായി 05.06.2018 ൽ കൂടിയ യോഗത്തിൽ വച്ച് സപ്ലൈകോയ്ക്ക് നൽകുന്ന ഉൽപ്പന്നങ്ങളുടെ നിരക്ക് പുന:പരിശോധിക്കാമെന്ന് വിതരണക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ